163845/2019/FC DCKTM

# പട്ടിത്താനം- മണർകാട് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് കളക്ടർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട്

**അംഗങ്ങൾ**

1. ഡോ. എ. പി. തോമസ് (സാമൂഹിക ശാസ്ത്രജ്ഞൻ)
2. ഡോ. ജി. ക്രിസ്റ്റഫർ (സാമൂഹിക ശാസ്ത്രജ്ഞൻ)
3. ഡോ. രാജു. എസ് (പുനരധിവാസ വിദഗ്ധൻ)
4. ഡോ. രാജേഷ് കോമത്ത് (പുനരധിവാസ വിദഗ്ധൻ)
5. ചാക്കോ ജോസഫ് (കൗൺസിലർ, ഏറ്റുമാനൂർ മുൻസിപ്പാലിറ്റി)
6. മോളി ജോൺ (വനിതാ അംഗം ഏറ്റുമാനൂർ മുൻസിപ്പാലിറ്റി)
7. റോമി ജെ ചിങ്ങംപറമ്പിൽ (ടെക്നിക്കൽ വിദഗ്ധൻ)

# റിപ്പോർട്ട്

2013-ലെ എൽ.എ.ആർ ആക്ട് (Right to fair compensation in land Acquisition Rehabitation and Resettlement Act 2013) സെക്ഷൻ 7, സബ് സെക്ഷൻ -1 ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പട്ടിത്താനം മണർകാട്ട് ബൈപാസ് റോഡ് വികസനവുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി 26/02/2019 ൽ കോട്ടയം ജില്ലാ കളക്ടർ നിയോഗിച്ച് വിദഗ്ദ സമിതി അംഗങ്ങളായ ഡോ. എ.പി.തോമസ് (സാമൂഹിക ശാസ്ത്രജ്ഞൻ), ഡോ.ജി. ക്രിസ്റ്റഫർ (സാമൂഹിക ശാസ്ത്രജ്ഞൻ), ഡോ.രാജു എസ് (പുനരധിവാസ വിദഗ്ധൻ), ഡോ. രാജേഷ് കോമത്ത് (പുനരധിവാസ വിദഗ്ധൻ), ചാക്കോ ജോസഫ് (കൗൺസിലർ, ഏറ്റുമാനൂർ മുൻസിപ്പാലിറ്റി), മോളി ജോൺ (വനിതാ അംഗം ഏറ്റുമാനൂർ മുൻസിപ്പാലിറ്റി), ശ്രീ. റോമി. ജെ ചിങ്ങംപറമ്പിൽ (ടെക്നിക്കൽ വിദഗ്ധൻ) തുടങ്ങിയവർ 08.03.2019-ൽ ടി സ്ഥലങ്ങൾ പരിശോധിച്ച്, അതിൻപ്രകാരം 13.03.2019-ൽ കൂടിയ യോഗത്തിൽ ഉരുത്തിരിഞ്ഞ ശുപാർശകൾ ചുവടെ ചേർക്കുന്നു.

ഏറ്റെടുക്കേണ്ട വസ്തുക്കളിൽ മതസ്ഥാപനങ്ങളോ, മറ്റ് Objectional elements കളോ ഉൾപ്പെടുന്നതായി കാണുന്നില്ല. ഇവയിൽ പ്രധാനമായും പുരയിടങ്ങളും, അതിലുൾപ്പെട്ട ഒരു കെട്ടിടവും കൂടാതെ തരിശു നിലങ്ങളുമാണ്. ഇതിൽ ഏറ്റുമാനൂർ വില്ലേജിൽ ബ്ലോക്ക് 29-ൽ പ്പെട്ട മൂന്ന് വസ്തുക്കൾ സർവ്വേ നമ്പർ 129/2-10, 185/2-1, 129 ഏറ്റെടുത്തു നൽകുവാനാണ് ഉള്ളത്. ഈ മൂന്നു സർവ്വേ നമ്പറുകളിലായി ആകെ 6.06 ആർ (14.9 സെന്റ്) സ്ഥലവും, ഒരു കെട്ടിടവും പുതിയതായി ചെയ്യേണ്ടുന്ന ബൈപ്പാസിൽ (നീളം 1.79 km ഉൾപ്പെടുന്നു) ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

അതിൽ ഏറ്റുമാനൂർ വില്ലേജിൽ ബ്ലോക്ക് 29-ൽ സർവ്വേ 129-ൽ പ്പെട്ട വസ്തുവിൽ 450 ഓളം ചതുരശ്രയടി വിസ്തീർണ്ണം വരുന്ന ഒരു കെട്ടിടം ഉൾപ്പെട്ടിട്ടുണ്ട്. ഇവിടെ വൃദ്ധരായ ദമ്പതിമാർ മാത്രമാണ് താമസിക്കുന്നത്. ടി സ്ഥലം ഏറ്റുമാനൂർ ക്ഷേത്രത്തിൻെറ കിഴക്കേ നടയിൽ സ്ഥിതി ചെയ്യുന്നു. ഈ കുടുംബം ക്ഷേത്രവുമായി ബന്ധപ്പെട്ട ജോലിയിലേർപ്പെട്ടാണ് പ്രധാനമായും ഉപജീവനം നടത്തുന്നത് എന്ന് അറിയുവാൻ സാധിച്ചു. ആയതിനാൽ ഈ കുടുംബത്തെ - മേൽ വസ്തുത

Chacko Joseph
Dr. A.P. Thomas
മോളി ജോൺ
RAJU S
Romy J. C
G. Christopher
Rajesh Komath

കൾ പരിഗണിച്ചുകൊണ്ട് ക്ഷേത്രത്തിന് സമീപത്തു തന്നെ താമസിച്ച് ഉപജീവനം നടത്തുന്നതിനു വേണ്ട സൗകര്യ പ്രധാമായ പാക്കേജ് നൽകണമെന്നും ഈ കമ്മറ്റി ശുപാർശ്ശ ചെയ്യുന്നു.



ഇപ്പോൾ പണികൾ പൂർത്തിയാക്കികൊണ്ടിരിക്കുന്ന പട്ടിത്താനം മണർക്കാട് ബൈപാസിന്റെ രണ്ടാം റീച്ചിൽ, പേരൂർ വില്ലേജിൽ, ബ്ലോക്ക് 30 ൽ സർവ്വേ നമ്പർ 244/1-3 ൽപ്പെട്ട 3.93 ആർ വസ്തു വിട്ടുകിട്ടാത്തതിനാൽ ആ ഭാഗത്തെ പണികൾ ഒന്നും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ടി ഭാഗം ഒഴിച്ച് ബാക്കി വരുന്ന ഏകദേശം 4.5 കിലോ മീറ്റർ റോഡ് പണികൾ അന്തിമ ഘട്ടത്തിലാണ്. ആയതിനാൽ ടി സ്ഥലം എത്രയും വേഗം ഏറ്റെടുത്ത് നൽകി ബൈപ്പാസിന്റെ പണികൾ പൂർത്തിയാക്കണമെന്നും കമ്മറ്റി ശുപാർശ്വ ചെയ്യുന്നു.

ആകയാൽ എം.സി റോഡിന്റേയും, എൻ.എച്ച്. 220 നെയും ബന്ധിപ്പിക്കുന്നതും എം.സി. റോഡിലേ തിരക്കും യാത്രക്ലേശവും ഒഴിവാക്കി ഗതാഗതക്കുരുക്കിൽപ്പെടാതെ, ടി ബൈപ്പാസ് ഉപയോഗിച്ച് മണർക്കാട് പുതുപ്പള്ളി തെങ്ങണ വഴി തിരുവല്ലയിലെത്താവുന്ന എളുപ്പം മാർഗ്ഗവുമായതിനാൽ, ബൈപ്പാസിനു വേണ്ടി വരുന്ന ഏറ്റെടുക്കുവാനുള്ള ഏതാനും സ്ഥലങ്ങൾ എത്രയും വേഗം ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഈ ബൈപ്പാസ് റോഡ് യാഥാർത്ഥ്യമാക്കണമെന്ന് ഈ കമ്മറ്റി ഏകകണ്ഠമായി ശുപാർശ്വ ചെയ്യുന്നു.

Chacko Joseph   മോളി ജോൺ   RAJU'S

Ramesh   Dr A.P. Thomas   Rajesh kamath

Romy J.C   R.G. Christopher

163845/2019/FC DCKTM

**കമ്മിറ്റി അംഗങ്ങൾ**

**ഡോ. എ.പി തോമസ്**
(സാമൂഹിക ശാസ്ത്രജ്ഞൻ)
അഡ്വാൻസ്ഡ് സെന്റർഓഫ്
എൻവിറോൺമെന്റൽ സ്റ്റഡീസ് &
സസ്റ്റെയ്നബിൾ ഡവലപ്പ്മെന്റ്
എം.ജി. യൂണിവേഴ്സിറ്റി

**ഡോ. ജി. ക്രിസ്റ്റഫർ**
(സാമൂഹിക ശാസ്ത്രജ്ഞൻ)
കോർഡിനേറ്റർ
ACESSD
എം.ജി. യൂണിവേഴ്സിറ്റി

**ഡോ. രാജു എസ്**
(പുനരധിവാസ വിദഗ്ധൻ)
എച്ച്. ഒ.ഡി
സ്കൂൾ ഓഫ് സോഷ്യൽ സയൻസ്
പുല്ലരിക്കുന്ന്
കോട്ടയം

**ഡോ. രാജേഷ് കോമത്ത്**
(പുനരധിവാസ വിദഗ്ധൻ)
അസി. പ്രൊഫസർ
സ്കൂൾ ഓഫ് സോഷ്യൽ
സയൻസ്
പുല്ലരിക്കുന്ന്, കോട്ടയം

**ചാക്കോ ജോസഫ്**
(അംഗം മുൻസിപ്പാലിറ്റി)
കൗൺസിലർ
വാർഡ് 29
ഏറ്റുമാനൂർ മുൻസിപ്പാലിറ്റി

**മോളി ജോൺ**
(വനിത അംഗം മുൻസിപ്പാലിറ്റി)
കൗൺസിലർ
വാർഡ് 23
ഏറ്റുമാനൂർ മുൻസിപ്പാലിറ്റി

**റോമി ജെ ചിങ്ങംപറമ്പിൽ**
(ടെക്നിക്കൽ വിദഗ്ധൻ)
അസിസ്റ്റന്റ് എഞ്ചിനിയർ
പി. ഡബ്ല്യു.ഡി
നിരത്ത് വിഭാഗം
ഏറ്റുമാനൂർ